**ആരോഗ്യവകുപ്പ് ഡയറക്ടറുടെകാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ജീവനക്കാര്യം - ഡോ ഷിബിനി പി (Dr Shibini P, P E N 807863) , അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. നമ്പർ എ1/21644/2022 ജിമെആ മലപ്പുറം തീയതി 19.01.2023
2. GE 5/B/SP 618/2023-24/143 തീയതി 11.05.2023
3. കാരണം കാണിക്കൽ നോട്ടീസ് നമ്പർ ഇഎ4- 7913/2023/ആവഡ തീയതി. 01.10.2024
4. ഡോ ഷിബിനി പി സമർപ്പിച്ച മറുപടി തീയതി 24.10.2024, 1.11.2024
5. ഡോ ഷിബിനി പി സമർപ്പിച്ച അപേക്ഷ തീയതി 09.01.2025
6. GO (P) No 55/2020/ആകുവ തീയതി 16.08.2020
7. ഡോ ഷിബിനി പി സമർപ്പിച്ച അപേക്ഷ തീയതി. 21.05.2024
8. കത്ത് നം DHS/24416/2023-EB4 തീയതി. 04.06.2024
9. കത്ത് നം DHS/24416/2023-EB4 തീയതി. 26.10.2024
10. എം2/268/2024ഹെൽത്ത് തീയതി 27.05.2024
11. ഡോ ഷിബിനി പി ബഹു ആരോഗ്യവകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച അപേക്ഷ തീയതി. 09.01.2025
12. സ.ഉ (സാധാ) നം 3214/2025/H&FWD തീയതി. 21.01.2025
13. DHS/7913/2023-EA4 തീയതി 22.10.2025

**ഉത്തരവ് നം. DHS/7913/2023-EA4 തീയതി. 20-01-2026**

ഡോ ഷിബിനി പി (Dr Shibini P, PEN 807863) 01.07.2017 ന് സേവനത്തിൽ

പ്രവേശിച്ച വ്യക്തിയാണ്. മലപ്പുറം മഞ്ചേരി ഗവ. ജനറൽ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്തു വരവെ **11.02.2022** മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായി ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം **I** ചട്ടം **19 (a) (ii)** പ്രകാരം ടിയാളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനായി താത്കാലിക തീരുമാനമെടുത്ത് പരാമർശം **(3)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. **24.10.2024** ലെ പരാമർശം **(4)** പ്രകാരം നേരിൽ കേൾക്കണമെന്ന് ഡോ ഷിബിനി പി ആവശ്യപ്പെട്ടിരുന്നു. ആയതിനാൽ **17.01.2025** തീയതി ആരോഗ്യ വകുപ്പ് ഡയറക്ടർ ടിയാളെ നേരിൽ കേൾക്കുകയും വസ്തുതകൾ ബോധിപ്പിക്കുന്നതിന് അവസരം നൽകുകയും ചെയ്തു. സൂപ്പർ സ്പെഷ്യാലിറ്റി **(DM Pulmonary Medicine)** കോഴ്സിന് നിയമനം ലഭിച്ചതിനാൽ കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിൽ കോഴ്സിന് പ്രവേശിക്കുന്നതിനായി **29.08.2018** അപരാഹ്നത്തിന് ആരോഗ്യ വകുപ്പിൽ നിന്നും വിടുതൽ ചെയ്തിരുന്നെന്നും ടി കോഴ്സിന് ചേരുന്നതിന് നിരാക്ഷേപ പത്രം ലഭിച്ചിരുന്നുവെന്നും അറിയിച്ചു. നിർബന്ധിത ബോണ്ട് സേവനത്തിന്റെ ഭാഗമായി **31.10.2022** മുതൽ ഒരു വർഷത്തെ സീനിയർ റസിഡൻസിയ്ക്ക് നിയമന ഉത്തരവ് ലഭിച്ചതിനാൽ സീനിയർ റസിഡൻസിയ്ക്ക് പ്രവേശിച്ചുവെന്നും കോഴ്സ് ദീർഘിപ്പിക്കേണ്ടി വന്നതിനാൽ സീനിയർ റസിഡൻസി കാലയളവ് **13.05.2024** ന് അവസാനിച്ചതായും അറിയിച്ചു. **21.05.2024** ന് തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നിട്ടില്ലെന്നും പരാമർശം **(6)** ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമല്ലെന്നും ടി ഉത്തരവ് പ്രകാരമുള്ള ബോണ്ട് ഒഴിവാക്കി തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണമെന്നും അപേക്ഷയിൽ പരാമർശിച്ചിരിക്കുന്നു. പഠനകാലയളവിലേയ്ക്ക് സമർപ്പിച്ച അവധി അപേക്ഷയിൽ നടപടി ആരംഭിച്ചിരുന്നതായും അച്ചടക്ക നടപടി ഒഴിവാക്കണമെന്നും ടിയാൾ അറിയിച്ചു.

**(2).** ഡോ ഷിബിനി പി, സമർപ്പിച്ച പരാമർശം **(5)** ലെ അപേക്ഷ വിശദമായി പരിശോധിച്ചു. **30.08.2018** മുതൽ **10.02.2022** വരെയുള്ള പഠനാവധിക്കുള്ള അവധി അവസാനിച്ച മുറയ്ക്ക് ടിയാൾ സർവ്വീസിൽ പുന പ്രവേശിച്ചിട്ടില്ല. **13.05.2024** ന് സീനിയർ റസിഡൻസി കഴിഞ്ഞ് **21.05.2024** തീയതിയിലാണ് പരാമർശം **(7)** പ്രകാരം പുനപ്രവേശിപ്പിക്കുന്നതിന് ഡോ ഷിബിനി പി അപേക്ഷ സമർപ്പിച്ചത്. ആയതിനാലാണ് പരാമർശം **(6)** സർക്കാർ ഉത്തരവ് പ്രകാരമുള്ള ബോണ്ട് ലഭ്യമാക്കുന്നതിന് പരാമർശം **(8)** പ്രകാരം ടിയാൾക്ക് നിർദ്ദേശം നൽകിയത്.

പ്രസ്തുത നിർദ്ദേശം ടിയാൾ പാലിച്ചിരുന്നില്ല. ഡോ ഷിബിനി പി, **30.08.2018** മുതൽ **10.02.2022** വരെ പഠനാവശ്യത്തിനായി അവധി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കോഴ്സ് കാലാവധി കഴിഞ്ഞ് ടിയാൾ പുന പ്രവേശിക്കാത്തതിനാലും അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചതിനാലും പരാമർശം **(6)** പ്രകാരമുള്ള ബോണ്ട് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം പാലിക്കാത്തതിനാലും അവധി അപേക്ഷ നിരസിക്കണമെന്ന് പരാമർശം **(9)** പ്രകാരം സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിരുന്നു. ടിയാളുടെ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സ് **10.02.2022** ന് അവസാനിച്ചിരുന്നു. കെ എസ് ആർ ഭാഗം **1** അനുബന്ധം **XII B** പ്രകാരമുള്ള അവധി കാലയളവ് കഴിഞ്ഞ് തിരികെ പ്രവേശിക്കാത്ത അപേക്ഷകരെ ചട്ട പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ് എന്ന് അനുബന്ധം **XII B** ചട്ടം **(vi)** ൽ നിഷ്കർഷിച്ചിട്ടുണ്ട്. ഡോ ഷിബിനി പി സീനിയർ റസിഡൻസിയ്ക്ക് പ്രവേശിച്ചത് **31.10.2022** നാണ്. ഡോ ഷിബിനി പി കോഴ്സ് അവസാനിച്ച മുറയ്ക്ക് തിരികെ സേവനത്തിൽ പ്രവേശിച്ചിട്ടില്ല. കോഴ്സ് കഴിഞ്ഞ ശേഷം തിരികെ സേവനത്തിൽ പ്രവേശിക്കാത്ത സാഹചര്യത്തിലാണ് അനധികൃത ഹാജരില്ലായ്മയായി റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായത്.

**(3)** ബോണ്ട് സമർപ്പിക്കാതെയും അച്ചടക്ക നടപടി ഒഴിവാക്കിയും സർവ്വീസിൽ പുന പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ഡോ ഷിബിനി പി പരാമർശം **(11)** പ്രകാരം സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു. ഡോ ഷിബിനി പിയ്ക്ക് ബോണ്ട് സമർപ്പിക്കുന്നതിന് അവസരം നൽകുകയും ആയത് സമർപ്പിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഒരു മാസത്തിനകം ബോണ്ട് സമർപ്പിച്ചിട്ടില്ലായെങ്കിൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ച് , കെ എസ് ആർ ഭാഗം **1** അനുബന്ധം **XII B**യിൽ വ്യവസ്ഥ ചെയ്ത പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം **(12)** പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ നിർദ്ദേശാനുസരണം ബോണ്ട് സമർപ്പിക്കുന്നതിന് പരമാർശം **(13)** പ്രകാരം ഡോ ഷിബിനി പിയ്ക്ക് ഒരു അറിയിപ്പ് കൂടി നൽകിയിരുന്നെങ്കിലും നാളിതുവരെ ടിയാൾ സർക്കാരിന്റെയും നിയമനാധികാരിയായ ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും നിർദ്ദേശം പാലിക്കുന്നതിന് തയ്യാറായിട്ടില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ

അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ടി സാഹചര്യത്തിൽ ഡോ ഷിബിനി പി സമർപ്പിച്ച അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് നിർവ്വാഹമില്ല. ആയതിനാൽ **11.02.2022** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ ഷിബിനി പി അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(4).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ ഷിബിനി പി അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 20-01-2026 20:44:23

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Shibini P,**

**Cheraparambil (H), Athanikkal,**

**Valluvambram PO, Malappuram-673642**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
   തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
   മലപ്പുറം.
3. സൂപ്രണ്ട്,
   ജനറൽ ആശുപത്രി മഞ്ചേരി, മലപ്പുറം
   (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
5. ഫയൽ

.